(ബി) ഇതിൽ പട്ടാപകൽ നടന്ന ഭവനഭേദനങ്ങളെത്ര;

(സി) ഈ ഭവനഭേദനങ്ങളുടെ ഫലമായി എത്രപേർക്ക് പരിക്കുപറ്റി എന്നും എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി എന്നും അറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവങ്ങൾ

(58) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും പോലീസ് കസ്റ്റഡിയിൽ നിന്നും പ്രതികളെ ബലമായി മോചിപ്പിക്കുകയും ചെയ്ത എത്ര സംഭവങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആ സംഭവങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഓരോ സംഭവത്തിലും ഉൾപ്പെട്ടിട്ടുള്ള പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോട് ബന്ധമുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) പോലീസിന് എതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ കാരണം എന്ത്; അത് ഫലപ്രദമായി തടയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങൾ ഒന്നും തന്നെ റിപ്പോർട്ടു ചെയ്തിട്ടില്ല.

(ബി)-(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിന്റെ കൊലപാതകം.

(59) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാടിനടുത്ത് പള്ളിപ്പാട്ട് മദ്യവിരുദ്ധ പ്രവർത്തകനായ സതീഷ്കുമാറിനെ ചവിട്ടിക്കൊന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായ പ്രതികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണ്; അവർ ഏത് രാഷ്ട്രീയ പാർട്ടിയിലെ പ്രവർത്തകരാണ് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly